# അഗസ്റ്റിൻ പറഞ്ഞ കഥ,ഞാൻ കേട്ടതും

കഥ

ശിവദാസൻ എ.കെ

എന്റെ പേര് അഗസ്റ്റിൻ.ഇഷ്ടമുള്ളവർ എന്നെ ഓഗ് എന്നു വിളിക്കും.

ആരാണീ ഇഷ്ടമുള്ളവർ എന്നല്ലെ ഞാൻ തന്നെ.വയസ്സ് അറിയില്ല.അച്ഛന്റെയും അമ്മയുടെയും പേര് ചോദിക്കരുത്.എനിക്ക് അച്ഛനും അമ്മയുമില്ല.പേര് ഞാൻ തന്നെയാണിട്ടത്.എന്നോ പ്രജ്ഞയിലേക്ക് കണ്ണു മിഴിച്ചപ്പോൾ ആദ്യം കേട്ട കേട്ട പേരാണത്.എന്നെയാണെന്നാണ് കരുതിയത്.പക്ഷേ അവിടെ ജോലി ചെയ്യുന്ന കറുത്തു മെലിഞ്ഞ തമിഴൻ പയ്യനെയാണ് വിളിക്കുന്നത് എന്ന് പിന്നീടാണറിഞ്ഞത്.പിന്നെ മനസ്സിൽ പതിഞ്ഞ പേര് ഉപേക്ഷിക്കാൻ തോന്നിയില്ല.

നിങ്ങൾ ആശയക്കുഴപ്പത്തിലായൊ?ഞാൻ ഒരു ഭ്രാന്തനല്ല എന്നു മാത്രം പറയാം.

ഈ കഥ നിങ്ങൾ കേൾക്കുമോയെന്നറിയില്ല.നിങ്ങൾ ഒത്തിരി കാര്യങ്ങൾ അറിയുന്നവരല്ലെ.എങ്കിലും നിങ്ങൾക്കറിയാത്ത കാര്യങ്ങൾ എത്രയാണെന്നോ.വളരെ ചെറിയവ. സൂക്ഷിച്ചു നോക്കിയാൽ ഇങ്ങനെ കഥ പറയുന്നത് ഞാൻ മാത്രമൊന്നുമല്ല.എന്നെപ്പോലെ എത്രയോ പേർ.ആരും കേൾക്കാതെ വായുവിൽ അലിഞ്ഞു പോകുന്നവ.

ഫൈബർ മോൾഡുകൾ നിറഞ്ഞ വലിയ ഹാളിലായിരുന്നു ഞാൻ ജനിച്ചത്.എന്നു വച്ചാൽ അഗസ്റ്റിൻ എന്ന തമിഴൻ പയ്യൻ അന്നാണ് കൈയ്യും കാലും എല്ലാം കൂട്ടി വച്ച് എന്നെ ഉണ്ടാക്കിയത്.പിന്നെയൊരിടത്ത് ഒതുക്കി നിറുത്തി.കുറച്ചു നാൾ കഴിഞ്ഞ് തുണിക്കച്ചവടക്കാരൻ എസ്തപ്പാനോസ് മുതലാളി പട്ടണത്തിൽ പുതിയ തുണിക്കട തുടങ്ങിയപ്പോൾ എന്നെ അങ്ങോട്ടു കൊണ്ടു പോയി.മൂന്നു നിലയിലുള്ള ആ തുണിക്കടയുടെ മുൻപിലെ ചില്ലുകൂട്ടിലായിരുന്നു എന്റെ സ്ഥാനം. നോക്കണേ,ആ കടയുടെ മാനേജർ പോയിട്ട് എസ്തപ്പാനോസ് മുതലാളി പോലും ഇരിക്കുന്നത് ചില്ലുകൂട്ടിലല്ല.അന്നുമുതൽ എനിക്കൊരു വിലാസം കിട്ടി.അഗസ്റ്റിൻ(ഇനീഷ്യൽ ഇല്ല).ഐശ്വര്യ ടെക്സറ്റയിൽസ്.ചന്തപ്പുര പി.ഒ.

കടയുടെ ഉദ്ഘാടനം പിറ്റേന്നായിരുന്നു.വിശിഷ്ടാതിഥിയായെത്തിയ സീരിയൽ നടി ആദ്യം നോക്കിയത് എന്നെയാണ്.വരുന്നവരെല്ലാം എന്നെയാണ് നോക്കുന്നത്.ആയിരക്കണക്കിന് വിലയുള്ള കോട്ടും സ്യൂട്ടുമെല്ലാം എനിക്കുണ്ടായിരുന്നു.ആദ്യമായി ധരിച്ചവയാണിതെല്ലാം.അല്ലെങ്കിലും മറയ്ക്കാനൊരു മറ ഉണ്ടാകുമ്പോഴാണ് നഗ്നതയെക്കുറിച്ചോർക്കുക. കടയിൽ തുണിയെടുക്കാൻ വന്നവരും ,തുണി എടുത്തുകൊടുക്കുന്നവരും എന്നെ നോക്കുന്നുണ്ടായിരുന്നു.പിന്നെപ്പിന്നെയാണറിഞ്ഞത് അവരാരും എന്നെയല്ല നോക്കിയത്.ഞാനിട്ട വസ്ത്രങ്ങളെയായിരുന്നു.

എന്റെ മുഖത്തേക്ക് നോക്കുന്നത് ഒരു കൂട്ടർ മാത്രമാണ്.വല്ലപ്പോഴും കടയിലെത്തുന്ന കുട്ടികൾ.തുണികളുടെ ഭ്രമാത്മകലോകം അവരുടെ കൗതുക്കാഴ്ചകൾക്ക് പുറത്തായിരുന്നു.ചിലപ്പോളവർ എന്നെ നോക്കിച്ചിരിച്ചു.കൊഞ്ഞനം കുത്തി. ഗോഷ്ഠികൾ കാട്ടി. കലപില പറഞ്ഞ് ഇറങ്ങിപ്പോയി.

ആളുകൾക്ക് ഏറ്റവും കൂടുതലാർത്തി തുണിയോടാണെന്നാണ് തോന്നുന്നത്.കടയിലെത്തുന്ന ഓരോ കണ്ണിന്റെയും വ്യഗ്രത അതാണ്.ശരീരം മുഴപ്പിച്ചു കാണിച്ച് ബനിയനിട്ടു നടക്കുന്ന ചിലർ കൈ നിറയെ പട്ടുസാരി വാങ്ങിക്കൊണ്ടുപോകുന്നത് എന്തിനാണ് എന്നു മനസ്സിലാകുന്നില്ല.ഈ കടയുണ്ടല്ലോ അതൊരു മാജിക് കേന്ദ്രമാണ്. ആദ്യം വില കൂടിയവ പുറത്തേക്കിടും.അപ്പോൾ അയ്യായിരം രൂപക്കുപോലും താഴേക്ക് ചോദിക്കാൻ മടിയാണ് പലർക്കും.ചോദിച്ചാൽ ചെറുതായിപ്പോയാലൊ?പക്ഷേ ആ തുണി എടുത്തുകൊടുത്ത ആളുടെ ഒരു മാസത്തെ ശമ്പളം അതിലും താഴെയായിരിക്കും.ഇതൊക്കെ ആരോർക്കാനാണ്. തുണിയില്ലാതെ ജനിക്കുന്നതുകൊണ്ടാകാം മനുഷ്യർക്ക് തുണിയോടിത്ര ആർത്തി എന്നേ എനിക്കു തോന്നിയിട്ടുള്ളു.

ഒരു സ്വാതന്ത്ര്യദിനത്തിനോട് ചേർന്നാണ് ഏറ്റവും വിശേഷപ്പെട്ട ഒരു കാര്യമുണ്ടായത്. അതിന്റെ തലേ നാൾ വൈകീട്ട് ഒരു വലിയ പെട്ടി ചിലർ താങ്ങിപ്പിടിച്ചു കൊണ്ടുവന്നു.എസ്തപ്പാനോസ് മുതലാളി പോയിട്ടുണ്ടായിരുന്നില്ല.

'പൊട്ടിക്കാണ്ട് പിടിക്ക് സുകുമാരാ എന്താതിന് വില എന്ന് തനിക്കറിയോ എന്ന് ചോദിക്കുന്നത് കേട്ടു.കടയടക്കാറായപ്പോൾ അവരാ പെട്ടിതുറന്നു.കണ്ണഞ്ചിപ്പോയി.പെട്ടിയിൽ അവളായിരുന്നു.അതിസുന്ദരി.

അപ്പുറത്തെ ചില്ലുകൂട്ടിൽ അവരവളെ ഫിറ്റുചെയ്ത് ഷട്ടറിട്ട് പുറത്തേക്ക് പോയി. അന്ന് ഞാനനുഭവിച്ച മനോസംഘർഷം എന്താണെന്നറിയാമൊ?അവളും ഞാനും ഒറ്റക്ക്.അവളൊരു തുണിക്കഷ്ണം പോലും ഇല്ലാതെ.ഇവൾക്കിങ്ങനെ നിൽക്കാൻ നാണമാവില്ലെ എന്നെനിക്കു തോന്നി.ഒരു പക്ഷെ അത് തോന്നിത്തുടങ്ങിയിട്ടുണ്ടാവില്ല. എന്തെങ്കിലും ഒന്ന് മിണ്ടണമെന്നുണ്ട്.നാവനക്കിയിട്ടു വേണ്ടേ ഒന്നു മിണ്ടാൻ.എങ്കിലും ഞാനവൾക്കൊരു പേരിട്ടു. മാധുരി .ഞാനാദ്യം കേട്ട സ്ത്രീയുടെ പേര്.ഉദ്ഘാടനത്തിനു വന്ന സീരിയൽ നടിയുടെ പേര്..അന്ന് രാവിലെ മുതൽ ആളുകൾ പറയുന്നുണ്ടായുരുന്നു.മാധുരി വരുമൊ?മാധുരി വന്നില്ലെ എന്നെല്ലാം .എന്തായാലും പിറ്റേന്ന് രാവിലെ, അവളെയൊരു കാഞ്ചീപുരം പട്ടുസാരി ഉടുപ്പിച്ചപ്പോഴേ എന്റെ നെഞ്ചിന്റെ പെടപ്പ് നിന്നുള്ളു.

പെട്ടെന്നാണ് എനിക്കവളോട് ഇഷ്ടം തോന്നിയത്.കടയിൽ വരുന്നതും നിൽക്കുന്നതുമായ പെണ്ണുങ്ങളോട് തോന്നാത്തൊരിഷ്ടം.തുണി എടുത്തുകൊടുക്കാൻ നിൽക്കുന്ന ചിലവളുമാരുടെ നെഗളിപ്പ് എനിക്ക് ഒട്ടും പിടിക്കാറില്ല.തരം കിട്ടിയാൽ ഫോണിലൂടെ കൊഞ്ചിക്കുഴയലാണ്.എന്നാലും പാവങ്ങളാട്ടോ.ഒന്നിരിക്കാൻ പോലും അനുവാദമില്ല അവറ്റക്ക്.സീസണായാൽ പറയേണ്ട.ഉച്ചക്ക് കിട്ടുന്ന ഇത്തിരി നേരത്ത് നിന്നുകൊണ്ടാണ് പലരും ഭക്ഷണം കഴിക്കുന്നത്.പലർക്കും കഷ്ടപ്പാടുകൊണ്ടാകാം.

ഏതെങ്കിലും കസ്റ്റമർക്കിഷ്ടപ്പെടാത്ത ഒരു കാര്യമുണ്ടായാൽ എസ്തപ്പാനോസ് മുതലാളി പുളിച്ച ചീത്ത പറയും.എത്ര പേരാണെന്നോ ചീത്ത കേട്ട് കണ്ണുനിറഞ്ഞ് എൻെറ നേരെ തിരിയുന്നത്.ആരും കാണാതിരിക്കാനാണ്.ഞാനിതൊന്നും കാണുന്നില്ലെന്നാണ് പാവങ്ങളുടെ വിചാരം.അനങ്ങാമായിരുന്നെങ്കിൽ ഇറങ്ങിച്ചെന്ന് കണ്ണ് തുടച്ച് ഒന്നാശ്വസിപ്പിക്കണമെന്ന് തോന്നിപ്പോകും.തെറ്റിദ്ധരിക്കണ്ട ഒരാങ്ങളയുടെ സ്ഥാനത്ത് നിന്ന്.അല്ലെങ്കിൽ ചില പകൽമാന്യൻമാരെപ്പോലെ കാണാൻ കൊള്ളാവുന്ന പെണ്ണുങ്ങളെ മുഴുവൻ പ്രാപിക്കണമെന്ന ചിന്ത എനിക്കില്ല.എനിക്കെന്റെ മാധുരിയോടെ പ്രേമം തോന്നിയിട്ടുള്ളു ഈ നിമിഷം വരെ.

ഞങ്ങളെ അണിയിച്ചൊരുക്കാൻ വരുന്ന ഡിസൈനർ ആ നേപ്പാളി ചെറുക്കനുണ്ടല്ലോ. ബെൻലീ അതാണ് അവന്റെ പേര്.അവനാളത്ര ശരിയല്ല. ഈ ഒരുക്കങ്ങൾ എല്ലാ ദിവസവും ഉണ്ടാകില്ല.ഓഫ്സീസണിൽ ആഴ്ചയിലൊന്നോ മറ്റോ കാണും.സീസണായാൽ അതിലേറെ.പക്ഷേ അവനെന്തിന് തുണി മാറ്റുമ്പോൾ മാധുരിയെ തുറിച്ചു നോക്കുന്നു.സ്വകാര്യഭാഗങ്ങളിൽ തൊടാൻ ശ്രമിക്കുന്നു.ഈ ചില്ലുകൂട്ടിൽ നിന്ന് ഒന്നു പുറത്തിറങ്ങാനായാൽ അവന്റെ മൂക്ക് ഇടിച്ച് പരത്തണമെന്നുണ്ട്. അല്ലെങ്കിൽ അവന്റെ മുഖത്തേക്ക് നോക്കി ചോദിക്കണം.

'എടാ വൃത്തികെട്ടവനെ ,മഞ്ജയും മാംസവുമുള്ള എത്രയെണ്ണമുണ്ടെടാ നിനക്കു ചുറ്റും, എന്നാലും നീ ഇതിനെയും വെറുതേ വിടില്ലേ.

എന്റെ മൂകപ്രണയവുമായി ഞങ്ങൾ എത്ര നാൾ കഴിഞ്ഞു എന്ന് അറിയില്ല.അനങ്ങാത്തവർക്ക് എന്തിനാണ് തിയ്യതിയും നാളുമെല്ലാം. അവൾക്കും എന്നെ ഇഷ്ടമാണൊ എന്നറിയാൻ ഇത്രയുമായിട്ടും ഒരു മാർഗ്ഗവുമുണ്ടായിരുന്നില്ല.എങ്കിലും ഞാനാ ജീവിതം ഇഷ്ടപ്പെട്ടിരുന്നു.ഇതിനൊരു മാറ്റവും ഉണ്ടാവില്ല എന്നാണ് കരുതിയത്.പക്ഷേ അപ്രതീക്ഷിതമായാണ് കാര്യങ്ങൾ സംഭവിക്കുന്നത്.

എസ്തപ്പാനോസ് മുതലാളിയുടെ മകൻ ഗീവർ പി. എസ്തപ്പാനോസ് ലണ്ടനിൽ പോയി എം.ബി.എ പഠിച്ച് തിരിച്ചു വന്ന കാലം.ഒരു ദിവസം കടയടക്കാറായപ്പോൾ മുൻവശത്തെ ഹാളിൽ അപ്പനും മകനും മാനേജരുമടക്കം ഏതാനും പേരുണ്ടായിരുന്നു.ഗീവർ കടയാകെ നടന്നു കാണുന്നുണ്ടായിരുന്നു.ഒടുവിൽ എസ്തപ്പാനോസിന് നേരെ തിരിഞ്ഞു പറഞ്ഞു.

ലുക്ക് പപ്പാ, ഈ കെട്ടിടത്തിന് ഇരുപത് വർഷത്തിലേറെ പഴക്കമുണ്ട്,സൗകര്യങ്ങളും കുറവ്.അതാണ് ഞാൻ പറഞ്ഞത് ഇതിനകത്ത് ബിസിനസ്സ് ഡവലപ്പ്മെന്റിന് ഒരു സാദ്ധ്യതയുമില്ല.ടൗണിൽ ഇത്ര കണ്ണായ സ്ഥലം കളയാനും വയ്യ.നമുക്കിത് പൊളിച്ചുപണിയാം.സെൻട്രൽ എ.സി.യുമായി പത്തും പതിനഞ്ചും നിലകളിലുള്ള തുണിക്കടകളുടെ കാലമാണ് ഇത്. തുണി വാങ്ങാൻ വരുന്നവരുടെ പിള്ളേർക്ക് കളിക്കാൻ പാർക്കും, എന്തിന് നീന്തൽക്കുളം പോലും ഒരുക്കേണ്ടിവരും .

ലക്ഷങ്ങളുടെ തുണീള്ളത് എന്തു ചെയ്യുമെടാ,മോനെ?

ഇതു മാത്രമെ എസ്തപ്പാനോസ് മുതലാളി ചോദിച്ചുള്ളു.എന്തായാലും ഇത്ര വലിയ കട പൊളിച്ചടുക്കുന്നതിന് അയാൾക്കിഷ്ടമുണ്ടായിരുന്നില്ല.

നല്ല തുണികൾ എല്ലാം എറണാകുളത്തെ എന്റെ ഒരു സുഹൃത്തിന്റെ കടയിലേക്ക് മാറ്റാം.ബാക്കിയുള്ളത് സ്റ്റോക്കൊഴിക്കൽ വിൽപ്പനയിലൂടെ തീർക്കാം.നല്ല ഫർണ്ണീച്ചറുകൾ മാത്രം ഗോഡൗണിൽ സൂക്ഷിക്കാം.

ഗീവറിന് വ്യക്തമായ പ്ളാനുകളുണ്ടായിരുന്നു.ആധുനികതയുടെ വിദേശീയമായ പ്ളാനുകൾക്കു മുമ്പിൽ എസ്തപ്പാനോസ് എന്ന പഴയ കച്ചവടക്കാരൻ മെല്ലെ വഴിമാറിക്കൊടുത്തു.

സ്റ്റാക്കൊഴിക്കൽ വിൽപ്പന തകൃതിയായിട്ടു നടന്നു.അവിടെയും ഗീവറിന്റെ ലണ്ടൻ ബുദ്ധി വിജയം കണ്ടു.അഞ്ഞൂറു രൂപ വിലയുള്ളതിന് ഇരട്ടിവിലയുടെ ലേബലൊട്ടിച്ച് 50% ഡിസ്കൗണ്ടിനു വിറ്റു.വാങ്ങിക്കൂട്ടിയവർക്ക് എന്തൊരു സംതൃപ്തിയായിരുന്നെന്നോ?.മറ്റൊരു പ്രശ്നം തൊഴിലാളികൾക്കുള്ള കോംപൻസേഷനാണ്. ഗീവർ അതിനും ഒരു പദ്ധതിയിട്ടു.പുതിയ കട ഉദ്ഘാടനം ചെയ്യുമ്പോൾ പഴയ ആളുകളെ പരിഗണിക്കുമത്രെ.

അതിലും തൃപ്തരാകത്തവർക്ക് എന്തെങ്കിലും പോക്കറ്റ് മണി കൊടുത്ത് ഒഴിവാക്കി.ഈ തർക്കവിതർക്കത്തിനിടയിൽ ഒരു കോംപൻസേഷനെക്കുറിച്ചും ചർച്ച ചെയ്യാതെ രണ്ടുപേരവിടെയുണ്ടായിരുന്നു.ഞാനും,മാധുരിയും.

മെച്ചപ്പെട്ട ഫർണ്ണീച്ചറുകൾ ഗോഡൗണിലേക്ക് മാറ്റാൻ തുടങ്ങിയിരുന്നു.ദിനം പ്രതി കട ഒഴിഞ്ഞു വന്നു.എന്റെ മനസ്സും കാലിയാകുന്ന പോലെ.ഒന്നുമില്ലെങ്കിലും ഞാൻ ഈ കടയെ സ്നേഹിച്ചിരുന്നു. ഇതിലെ വസ്ത്രങ്ങളെ,ജീവനക്കാരെ,എന്തിന് ഫർണീച്ചറുകളെപ്പോലും.തിരിച്ചവർക്ക് ഇഷ്ടമുണ്ടായൊ എന്നറിയില്ല.അല്ലെങ്കിലും പല ഇഷ്ടങ്ങളും എന്തെങ്കിലും തിരിച്ചുകിട്ടുമെന്നുള്ള പ്രതീക്ഷ കൊണ്ടൊന്നുമല്ല.

ഈ തിരക്കുകൾക്കിടയിൽ ഞങ്ങളെപ്പോഴൊ നഗ്നരാക്കപ്പെട്ടിരുന്നു.ഞങ്ങളുടെ വസ്ത്രങ്ങൾ സ്റ്റോക്കൊഴിക്കൽ വിൽപ്പനയിൽ ആരെങ്കിലും വാങ്ങിയിരിക്കാം.എന്റെ കാര്യത്തെക്കാളും വിഷമം അവളുടെ കാര്യത്തിലാണ്. സാധനങ്ങൾ പായ്ക്ക് ചെയ്യുന്നവന്റെയും ചുമടടെടുക്കുന്നവന്റെയും എല്ലാം നോട്ടം അവളുടെ നെഞ്ചത്തേക്കാണ്.

ഇവറ്റോളെ എന്ത് ചെയ്യാനാ പരിപാടി

ഞങ്ങളെ ചൂണ്ടി ചുമട്ടുതൊഴിലാളിയായ വാറുണ്ണി ചോദിക്കുവോളം വരെ ഞാനതേക്കുറിച്ച് ചിന്തിച്ചിരുന്നില്ല.ഒരു പക്ഷേ വില കൂടിയ ഫർണ്ണീച്ചറുകളോടൊപ്പം ഗോഡൗണിൽ സൂക്ഷിക്കുമായിരിക്കും.പുതിയ കടയിലേക്ക് ഫർണീച്ചറുകൾ വേണമല്ലോ.അവൾ കൂടെയുണ്ടാകണമെന്നേ എനിക്കുള്ളൂ.

ഇത് ഒക്കെ ഓൾഡ് മോഡലാണ്ടാ എവിടേങ്കിലും കൊണ്ടുപോയി കളഞ്ഞോളാനാണ് പറഞ്ഞേക്കണെ. ഇതാരാണ് പറഞ്ഞത് എന്ന് കേട്ടില്ല.തലക്ക് പിന്നിൽ അടി കിട്ടിയ പോലെ തരിച്ചു പോയി.ഞങ്ങൾ ഇത്രക്ക് അപരിഷ്കൃതരായോ?കരിയില പോലെ വലിച്ചെറിയാൻ.

നിറയെ വേസ്റ്റുകൾ നിറച്ച ഒരു വണ്ടിയിലായിരുന്നു ഞങ്ങൾ.ആദ്യം എന്നെയാണ് എടുത്തിട്ടത്.പിന്നെ അവളെയും.നിങ്ങൾ വിശ്വസിക്കില്ല.അവളെന്റെ മാറിൽ തന്നെയാണ് വന്നു വീണത്.ഉലഞ്ഞ ശരീരത്തിലെ നിരവധി ബോൾട്ടുകൾ കൊണ്ട് ഞങ്ങൾ ഒന്നുചേരപ്പെട്ടു.ആ യാത്രയിൽ ഞങ്ങൾ എന്തുമാത്രം സംസാരിച്ചെന്നോ.ഞാനിട്ട പേര് അവൾക്കിഷ്ടമായിരുന്നു എന്ന് അവൾ പറഞ്ഞു.ആ നേപ്പാളി ഡിസൈനറെ അവൾക്കിഷ്ടമേയല്ലായിരുന്നു.ആരൊക്കെ വന്നാലും നോക്കിയാലും ഒരാളെയേ അവൾ മനസ്സിൽ പ്രതിഷ്ഠിച്ചിട്ടുള്ളൂ.എന്നെത്തന്നെ.

ഒടുവിൽ എവിടെയോ വണ്ടി നിറുത്തി.എത്രയോ കാലം കാത്തിരുന്ന സ്വപ്നസാക്ഷാത്ക്കാരത്തിൽ കെട്ടിപ്പിടിച്ചു കിടക്കുകയായിരുന്നു ഞങ്ങൾ.ഒരു കാടിനോട് ചേർത്ത് നിർത്തിയ വണ്ടിയിൽ നിന്ന് അവർസാധനങ്ങൾ പുറത്തേക്കെറിയാൻ തുടങ്ങി.ഇപ്പോൾ ഞങ്ങളുടെ അടുത്തെത്തിയിട്ടുണ്ട്.എന്റെ മാറിൽ നിന്ന് അവളെ പിടിച്ചെടുക്കാൻ നടത്തിയ ആദ്യശ്രമം പാഴായപ്പോൾ വാറുണ്ണി കൂട്ടുകാരനോട് പറയുന്നത് കേട്ടു

കേട്ടോടാ അന്തോണ്യേ! ഇവറ്റ ലവ്വാണെന്നാ തോന്നണെ.എന്താ ഒരു കിടപ്പ് .

അയാൾ എന്നെ നിലത്തേക്ക് ചവിട്ടിച്ചേർത്തു അവളെ പിടിച്ച് വലിച്ചു.എന്തോക്കൊയൊ ഞെരിയുന്ന ഒച്ച.ഇപ്പോൾ അവൾ പൂർണ്ണമായും അയാളുടെ കൈയ്യിലാണ്.ഒരു ദാക്ഷ്യണ്യവുമില്ലാതെ അവളെ പുറത്തേക്ക് വലിച്ചെറിയുന്നു.അവളെവിടെയോ വീണ് പൊട്ടിത്തകരുന്ന ഒച്ച. ഇനി എന്റെ ഊഴമാണ്. കഥ ഇവിടെ നിറുത്തുകയാണ്.ഇനിയിതു പറയാൻ ഞാനില്ല.അഗസ്റ്റിൻ എന്ന പ്രതിമയുടെ കഥ നിങ്ങളുടെ ചരിത്രപുസ്തത്തിലെങ്ങും എഴുതപ്പെടുകയില്ല എന്നറിഞ്ഞുകൊണ്ടുതന്നെ.

----------------------